# CTRL+S

Digital magazine- 2020



Little Kites

NHSS Nanminda

ചരിത്രമുറങ്ങുന്ന നന്മണ്ട ഹയർസെക്കന്ററി സ്ക്കൂളിലെ വിദ്യാർത്ഥികളുടെ ചിന്താശേഷിയിൽ നിന്ന് ഉരുത്തിരിഞ്ഞ സർഗ്ഗവാസനകളിൽ വിരൽസ്പർശമേറ്റപ്പോൾ വിരിഞ്ഞതാണ് ‘ **CTRL+S** ’ എന്ന ഡിജിറ്റൽ മാഗസിൻ. യൂ.പി, ഹൈസ്ക്കൂൾ, ഹയർസെക്കന്ററിതലം വരെയുള്ള വിദ്യാർത്ഥികളുടെ രചനകളിൽ നിന്നും തെരഞ്ഞെടുത്ത കവിതകളും, കഥകളും, ലേഖനങ്ങളുമാണ് ഇതിന്റെ മനോഹാരിത. ക്രിയാത്മക സൃഷ്ടികൾ പുത്തൻ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി പ്രസിദ്ധപ്പെടുത്തുന്നതിലൂടെ ഈ രംഗത്ത് അഭിരുചിയും താത്പര്യവും വർദ്ധിക്കാനിടയായി എന്ന ചാരിതാർത്ഥ്യത്തോടെ.......

എഡിറ്റർ,
ഡിജിറ്റൽ മാഗസിൻ-*2020*
ലിറ്റിൽ കൈറ്റ്സ് നന്മണ്ട


# ഉള്ളടക്കം

1. അമ്മ ........................................ 4
2. ഓർമ്മകളിൽ മരിക്കാത്ത ബാല്യം ...................... 5
3. Boy and the family ........................................ 8
4. നീ ........................................ 10
5. ഇനിയും മരിക്കാത്ത ഭൂമി ................................... 11
6. എന്തേ ഞാനിങ്ങനെ ........................................ 15
7. New Beginning ........................................ 16
8. പടവുകൾ ........................................ 17
9. The elephant ........................................ 18
10. കാവലാർ ........................................ 20
11. കണ്ണുനീർ തുള്ളി ........................................ 21
12. ആനപ്പാറയുടെ കഥ ........................................ 24
13. എന്റെ മക്കൾ ........................................ 25
14. കാലാവസ്ഥാ മാറ്റത്തെ അതിജീവിച്ച, നവകേരള നിർമിതി ........................................ 26

# അമ്മ

ഗുരുപ്രിയ ബി ടി
10-I

അമ്മയാണെന്റെ ജീവൻ
അമ്മയാണെൻ ഗുരു
ആദ്യാക്ഷരം കുറിക്കും
അമ്മതൻ വാക്കുകൾ
പൊന്നോമനകൾ
മുഖം നോക്കിപഠിക്കും
അമ്മതൻ വാക്കുകൾ
അമ്മയെന്ന വാക്കിൻ-
സത്യമറിഞ്ഞു പോ നീ.
പോകരുതമ്മേ ദൂരേ...
പോകരുതമ്മേ ദൂരേ...
അമ്മയാണെന്റെ ജീവൻ
അമ്മയാണെൻ ഗുരു



**********

# ഓർമ്മകളിൽ മരിക്കാത്ത ബാല്യം

ദേവിക . എച്ച്

8-A

ആ രാത്രി കൊരിച്ചൊരിയുന്ന പേമാരിയായിരുന്നു. ഇടിമുഴക്കത്തിന്റെ ആഘാതത്തിലുണ്ടായ ശബ്ദം അവരുടെ നഗ്നമായ കാതുകളിൽ പതിച്ചുകൊണ്ടേയിരുന്നു. മിന്നൽ വെളിച്ചത്തിന്റെ സൂചിതിളക്കം അവരുടെ കണ്ണുകളിൽ തുളച്ചുകയറി. തെല്ലും ഭയമില്ലാതെ ആ വൃദ്ധ, ഉറപ്പില്ലാത്ത ആ



കൂരയുടെ ഉമ്മറത്തിണ്ണയിൽ ചാരിയിരുന്നു. ഒറ്റപ്പെട്ട ആ ജീവിതത്തോട് അവർ പൊരുത്തപ്പെട്ട് പോയിരുന്നു. ആരെയും പ്രതീക്ഷിച്ചിരിക്കാനില്ല. പക്ഷേ, ആ മനസ്സ് ആരെയോ തേടുകയാണ്. കാഠിന്യമേറിയ ഓരോ മഴത്തുള്ളിയും നിലത്തുവിണ് പൊട്ടുന്ന ശബ്ദം അവരുടെ നെഞ്ചുകളിൽ ഓർമ്മകളായി ഉണർന്നു.ഒരിക്കലും പറച്ചുകളയാനാവാത്ത ബാല്യകാലം.

വിവാഹം കഴിഞ്ഞ് കഷ്ടി ഒന്നോരണ്ടോ വർഷങ്ങളേ ആയിരുന്നുള്ളൂ,ഒരുവാഹനാപകടത്തിൽ അവരുടെ ഭർത്താവ് കൊല്ലപ്പെട്ടു.വിധവയായ അവൾ ഭർത്തുവീട്ടിലെ കുറ്റപ്പെടുത്തലും,ഒറ്റപ്പെടുത്തലും സഹിക്കാനാവാതെ അവളുടെ തറവാട്ടിലേക്ക് തിരിച്ചുപോയി. പണവും പ്രശസ്തിയും ആവോളം വിളങ്ങിനിന്നിരുന്ന വലിയൊരു കുടുംബമായിരുന്നു അവളുടെ തറവാട്. പരമ്പരാഗതമായി തലമുറകളുടെ ആചാരങ്ങളും ആനുഷ്ഠാനങ്ങളും ആ കുടുംബത്തിന്റെ ജീവിതശൈലിയിൽ കുട്ടിയുറപ്പിച്ചു.തിരുവാതിര ഞാറ്റുവേലരാവുകളും

കളരിപ്പയറ്റും ആ തറവാട്ടുമുറ്റത്തിന്റെ ഐശ്വര്യം അതീവ തേജസ്വിയാക്കി മാറ്റി.ഓണവും വിഷുവുമൊക്കെയായി സന്തോഷത്തിന്റെ തിരിതെളിഞ്ഞു.അത് അധികകാലം നിലനിന്നില്ല.ആ വലിയ കുടുംബത്തെ നയിച്ച, ആ കുടുംബത്തിന്റെ നെടുന്തൂണായിരുന്ന ആ കാരണവർ മരണമടഞ്ഞു. ആ ദുഃഖത്തിന്റെ കനലെരിഞ്ഞടങ്ങുന്നതിനു മുൻപേ ആ ദുരന്തം പാഞ്ഞെത്തി.സംബന്ധക്കാരായി അവിടെ നിലകൊണ്ട ചില അസുരസന്തതികൾ വീടും സ്വത്തും ഭാഗം വെക്കണമെന്ന ഉദ്ദേശവുമായെത്തി.ഇനിയിപ്പോൾ കഷ്ടി ഒരാഴ്ചയേ



ഉള്ളൂ, കുടുംബക്ഷേത്രത്തിലെ ഉത്സവത്തിന്.ഉത്സവം കേമമാക്കണം.ഒരു പക്ഷേ എല്ലാവരും ഒത്തുകൂടുന്ന അവസാനത്തെ ഉത്സവമാകും അത്.പറഞ്ഞ് പറഞ്ഞ് ദിവസങ്ങൾ കഴിഞ്ഞു.ഉത്സവവും കൊടിയേറ്റവുമൊക്കെ കഴിഞ്ഞ് ഇത് മൂന്നാമത്തെ ദിവസമാണ്. ഇന്നാണ് സ്ഥലം അളന്ന് ഭാഗംവെക്കാൻ ഓഫീസർമാരൊക്കെ വരുന്നതെന്ന് കേട്ടിരുന്നു.

ഭാഗം വെക്കലും കഴിഞ്ഞു.കുടുംബത്തിലെ മൂത്തയാൾക്കായിരുന്നു തറവാട്.മറ്റു സ്വത്ത് വകകൾ ബാക്കിയുള്ളവർക്കും. പക്ഷേ വിധവയായ ആ സ്ത്രീ ഒന്നും വാങ്ങിയില്ല.എന്തിന് ?ആർക്കുവേണ്ടി? കിട്ടിയ ഓഹരിയുമായി ഓരോ കുടുംബങ്ങളും ഓരോ ദിവസങ്ങളിലായി പടിയിറങ്ങി. ഇനി താൻ മാത്രം. പിന്നെ ഒട്ടും വൈകിയില്ല അവളും ആ വീടുവിട്ടിറങ്ങി. കൈയ്യിലുണ്ടായിരുന്ന കുറച്ചു പൈസയും ഭാണ്ഡക്കെട്ടും എടുത്ത് അവൾ യാത്രയായി എങ്ങോട്ടെന്നോ എവിടെക്കെന്നോ യാതൊരു നിശ്ചയവും ഇല്ലാതെയുള്ള ആ നീണ്ട യാത്രയിലായിരുന്നു ഒരു ചെറിയ ചെറ്റക്കുടിലിൽ അവൾ എത്തിപ്പെട്ടത്. പിന്നീടുള്ള ജീവിതകാലം കഴിച്ചുകൂട്ടി.

എപ്പോഴാണെന്നറിയില്ല, മഴ കുറച്ച് ശാന്തമായെന്ന് തോന്നി.മനസ്സും! ഓർമ്മകളിൽ അലിഞ്ഞു ചേർന്ന് സമയം പോയത് അറിയുവാൻ കഴിഞ്ഞില്ല.വീടിന്റെ മേൽക്കൂരയിൽ ഓടിന്റെ ഉത്തരം ഇളകിവീഴാറായിട്ടുണ്ട്. കാറ്റിന്റെ ശക്തികൊണ്ടാവാം തെക്കുവശത്തെ മുറിയുടെ ജനൽ പാളി അടർന്നുപോയിട്ടുണ്ട്. മഴത്തുള്ളികൾ ആഞ്ഞു പതിച്ച ആ ജനലഴികളിൽ മുറുകെ പിടിച്ചിരുന്നപ്പോൾ ആ മനസ്സിനെ തഴുകിക്കൊണ്ട് ഓർമ്മകൾ വീണ്ടുമെത്തി .



വീട് ഭാഗം വെച്ചെങ്കിലും പൊളിച്ചുകളഞ്ഞിട്ടില്ലെന്നാണ് ആരോപറഞ്ഞു കേട്ടത്. ഒന്നുപോയാൽ കൊള്ളാമെന്ന് ഉണ്ടായിരുന്നു.അവിടുത്തെ ഉമ്മറത്തിണ്ണയിൽ അമർന്നൊന്ന് ഇരുന്നാൽ കൊള്ളാമെന്നുണ്ടായിരുന്നു.ആകെ കാടു നിറഞ്ഞുപോയിട്ടുണ്ടാവും.കുറെ ഭാഗമൊക്കെ തകർന്ന്പോയിട്ടുണ്ടാകും.കാലം കുറെയായില്ലേ അത് ആരും തിരിഞ്ഞുനോക്കാതെ അവിടെ കിടക്കുന്നു.

കണ്ടുനിൽക്കാനുള്ള മനക്കരുത്ത് ഒട്ടുമില്ല. മനക്കരുത്ത് ഉണ്ടെങ്കിൽ തന്നെ പോകാനുള്ള മെയ്ക്കരുത്തും ഇല്ല.എന്നാലും മനസ്സ് എപ്പോഴും അവിടെത്തന്നെയാണ്. ശരീരത്തിനല്ലേ വാർദ്ധക്യം പിടിപെട്ടിട്ടുള്ളൂ.മനസ്സ് ഇപ്പോഴും ചെറുപ്പമാണ്.ക്ഷണനേരം, ഒരു ഇടിമുഴക്കം ആ കൂരയുടെ പിന്നാമ്പുറത്തെ ചുവരുകളെ തകർത്ത് അകത്ത് കയറി.ഒരു ഞെട്ടലോടെ അവർ ആ കാഴ്ച ഉറ്റുനോക്കി.ഭയത്തിന്റെ ഒരു ചെറിയ കണികപോലും അവരുടെ കണ്ണുകളിൽ ഇല്ലായിരുന്നു. എന്തിനാണ് ഭയം? നേടാൻ ഒന്നുമില്ല,നഷ്ടപ്പെടാനും.പിന്നെ എന്തിനു പേടിക്കണം? ആരെ പേടിക്കണം...?

*************

# *Boy and the family*

Soorya Kiran .N
9-A

**O**nce up on a time there lived a poor family consisted of five members. There was the rule of Janmis. This place is near Himalaya. One day a youngster was going to Himalaya. His map was flied away by the wind. And he lost his way.



At that time he saw a small hut made up of stones. He went there and said 'hello is any one home'. By the time a girl came from the house and asked " what do you want". He told I want to go to Himalaya but I lost my map said him. The girl told him I don't know and called her grand father. Grand father told the way to Himalaya. He thank them and started walking to Himalaya. By the time the old man asked him where are you from,? he asked! I am from Mumbai. The old man was shocked he told the boy it is getting darker you can't go today and took

a bench from the house, he sat there the old man told the girl to make tea. She brought tea with some Jaggery.

He asked 'what is this ' the old man told this is our style and we don't have much money to buy like that things. The old man started to ask questions, the boy answered all the questions. Then he asked 'd you know my grandson(Ali)? He showed a photo of his grand son. 'The boy told that I don't know the old man showed a letter with the address. He told this address is near my apartment, then the old man told I will give you a letter "can you please give it to my grand son". He told sure why not. And he went to sleep, on the next morning 5:00 clock, the girl came and called him and gave him some pebbles and she told "that this is my brothers favourite pebbles," and asked him that can you give it to my brother. He told okay!.



On the morning he took a small bath from the river and came to eat breakfast – and he took the letter and went on his way...

***************

# നീ

ശ്രദ്ധ

8-E

ഒറ്റയ്ക്കല്ലെന്ന്,

നൂറുവട്ടം കാതിൽ പറഞ്ഞതും നീ...

ഒടുവിൽ,

ഒറ്റയ്ക്കായി അകന്നതും നീ...

സ്നേഹിക്കാൻ പഠിപ്പിച്ചതും നീ...

മറന്നാൽ,

മരണമെന്ന് ചൊല്ലിയതും നീ...

മരിയ്ക്കും മുമ്പേ -

മറന്നതും

നീ.........

*****



# ഇനിയും മരിക്കാത്ത ഭൂമി....

സാന്ദ്രാരവി
10.D

രൗദ്രഭാവത്തോടെ മുടിയലച്ചാർത്ത ഒരു കലികാല പ്രളയംകൂടി നമുക്കുമുന്നിലൂടെ കടന്നു പോയിട്ട് ദിവസങ്ങളേ ആയിട്ടുള്ളൂ.ഒരു മഹാപ്രളയത്തിന്റെ മുറിവുകൾ ഉണങ്ങുന്നതിനു മുമ്പുതന്നെ മറ്റൊന്നുകൂടി അഭിമുഖീകരിക്കേണ്ടിവന്നു. സാമ്പത്തിക-വ്യവസായിക-കാർഷിക തൊഴിൽ മേഖലകളെയെല്ലാം തകർത്തെറിയുന്ന പ്രളയങ്ങൾക്കു കാരണമായി മനുഷ്യന്റെ പ്രകൃതിവിരുദ്ധ പ്രവർത്തനങ്ങളേ പറയാൻ കഴിയും.കാലാവസ്ഥവ്യതിയാനങ്ങൾക്ക് കാരണമാകുന്ന ആഗോളതാപനം ഇന്ന് പ്രളയത്തിൽ തുടങ്ങി അനേകം പ്രതിഭാസങ്ങളിലൂടെ നമ്മെ നോക്കി പേടിപ്പിക്കുന്നു.



മാനുഷിക പ്രവർത്തനങ്ങൾ കൊണ്ടും പ്രകൃത്യാലുള്ള കാരണങ്ങൾ കൊണ്ടും ഹരിതഗൃഹ വാതകങ്ങളായ കാർബൺ ഡൈഓക്സൈഡ്,

നൈട്രസ്ഓക്സൈഡ്, മീഥൈൻ എന്നിവയുടെ അളവ് വർധിക്കുന്നു. സൂര്യനിൽ നിന്നും ഭൂമിയിൽ എത്തുന്ന ചൂടിന്റെ പ്രതിഫലനത്തെ ഈ വാതകങ്ങൾ തടയുകയും അന്തരീക്ഷതാപനില ഉയരുകയും ചെയ്യുന്നു.സൗരവ്യതിയാനം,ആഗ്നിപർവ്വതമാറ്റങ്ങൾ എന്നിവ മൂലം ചെറിയതോതിലുണ്ടായ ഈ പ്രതിഭാസം ഇന്ന് നമ്മെ വെല്ലുവിളിക്കുന്ന കാഴ്ച കാണാം.



ഋതുചക്രം ഒരേ ദിശയിൽ തന്നെ ഭ്രമണം ചെയ്ത് കാലാനുസൃതമായി ഋതുക്കൾ ആവർത്തിക്കപ്പെട്ട ഒരു കാലം നമുക്കുണ്ടായിരുന്നു.തിരുവാതിരയിൽ തിരമുറിയാതെയും കുംഭത്തിൽ കുടത്തോളവും മഴ പെയ്ത ആ നാളുകൾ ഇന്ന് മുത്തശ്ശിക്കഥയാണ്. മരം കോച്ചുന്ന തണുപ്പുക്കാലവും മാമ്പൂ മണക്കുന്ന ഇളം കാറ്റുകളും കൃത്യമായി ആവർത്തിക്കപ്പെട്ടു. ഭൂമിക്ക് ഉൾക്കൊളളാൻ കഴിയുന്ന അളവിലാണ് മഴ ആകാശത്തുനിന്നും



പെയ്തിറങ്ങിയത്. ശുദ്ധജലവാഹികളായ തണ്ണീർതടങ്ങളും കളകളാരവും പൊഴിച്ചൊഴുകുന്ന അരുവികളും നിത്യകാഴ്ചകളായിരുന്നു കർക്കിടകത്തിൽ ശക്തമായി മഴ പെയ്തെങ്കിൽ അതിന്റെ ചലനമറിഞ്ഞ് പ്രതിരോധിക്കാൻ നമ്മുടെ പൂർവ്വികർക്കു കഴിഞ്ഞിരുന്നു. വേനലിൽ ജലക്ഷാമം ഉണ്ടെങ്കിൽ വിണ്ടുകീറിയ ഭൂമി കാണാറില്ലായിരുന്നു.വസന്തത്തിൽ മാമ്പഴവും വിഷുക്കാലത്ത് കണിക്കോന്നയും നമ്മുടെ കൺകുളിർപ്പിച്ചിരുന്നു.

എന്നാലിന്നോ ഋതുഭേദങ്ങൾ അവസാനിപ്പിച്ചിരിക്കുന്നു. ശൈത്യകാലവും വേനലും മാറിപ്പോയിരിക്കുന്നു. മഴ കാലത്തെ വെല്ലുവിളിച്ച്

പെയ്യുന്നു. മരംകോച്ചുന്ന ശൈത്യത്തിൽ മാമ്പഴം വിരിയുകയും ഓണത്തിന് കർണ്ണികാരം വിടരുകയും ചെയ്യുന്നു. തണ്ണീർത്തടങ്ങളും നദികളും അപ്രത്യക്ഷമായിരിക്കുന്നു. തരിശുഭൂമികൾ ശ്മശാനമൂകമായിരിക്കുന്നു. മനുഷ്യന്റെ അശാസ്ത്രീയ പ്രവർത്തനങ്ങളും അംബരചുംബികളായ കെട്ടിടങ്ങളുടെ ഭാരവും ഖനികൾ ചൂഴ്ന്നെടുത്ത കണ്ണുമായി ഭൂമിയമ്മ ജീവിക്കുന്നു. അതിനാൽ അക്കാലത്തു പെയ്യുന്ന മഴയെ സംഭരിക്കാൻ ഭൂമിക്ക് കഴിയാതായിരിക്കുന്നു.

എയർകണ്ടീഷൻ ചെയ്ത റൂമുകളും തണുത്ത് വിറങ്ങലിച്ചിരിക്കുന്ന റഫ്രിജിറേറ്ററുകളും വൻതോതിൽ സി.എഫ്.സി എന്ന വില്ലനെ അന്തരീക്ഷത്തിലെത്തിക്കുന്നു. യു.വി വികിരണങ്ങളിൽ നിന്ന് ഭൂമിയെ സംരക്ഷിക്കുന്ന ഓസോൺ പാളിയുടെ ശോഷണത്തിന് സി.എഫ്.സി കാരണമാകുന്നു. ആഗോളതാപനത്തിന്റെ പ്രധാന പ്രത്യാഘാതമായി ഇത് വിലയിരുത്തപ്പെടുന്നു. ആധുനിക അടുക്കളയിലെ പ്രധാന ഉപകരണമായ റഫ്രിജറേറ്റർ മുതൽ ബോഡിസ്പ്രേ,



മൗത്ത്സ്പ്രേ, റൂം ഫ്രഷ്നർ ഇവയെല്ലാം സി.എഫ്.സി-യുടെ ശ്രോതസ്സാണ്. ഈ സി.എഫ്.സി വിഘടിച്ച് ഓസോൺപാളിയെ

വിഘടിപ്പിക്കുന്നതോടെ യു.വി. രശ്മികളെത്തി അന്ധത മുതൽ കാൻസർ വരെ സംഭവിക്കാം.

നാം അനുഭവിച്ചത് പോലെയുള്ള പ്രളയം അഭിമുഖികരിക്കേണ്ടി വരുന്നത് 460 ലക്ഷം പേർക്കാണ്. സമുദ്രജലനിരപ്പുയരുന്നതോടെ ബംഗ്ലാദേശിന്റെ 18% മാർഷൽ ദ്വീപുകളുടെ 80% എന്നിങ്ങനെ മുങ്ങിപ്പോകും. നിരവധി വികസ്വര രാഷ്ട്രങ്ങൾതകരും. ചിലയിടത്ത് കഠിനമായ മഴ പെയ്യുമ്പോൾ തൊട്ടടുത്തുതന്നെ ഒട്ടും മഴയില്ലാത്ത പ്രതിഭാസവും ദൃശ്യമാകും. തിവ്രമായ ദീർഘകാലവരൾച്ചയും കാണാം. കൃഷി, ഭക്ഷ്യസുരക്ഷ, തൊഴിൽ ലഭ്യത ഇവയെയെല്ലാം ഇത് ബാധിക്കും. ഇതിന്നൊരു പരിഹാരം എന്നത് സി.എഫ്.സി.നിയന്ത്രണമാണ് .കുറച്ചുമാത്രം കാർബൺ പുറത്തുവിടുന്ന സാങ്കേതികവിദ്യകൾ നടപ്പിലാക്കുക. കൽക്കരിക്കുപകരം പ്രകൃതിവാതകമല്ലാതെ മറ്റ് ഊർജസ്രോതസ്സുകൾ കണ്ടെത്തിയും കാർബണിൻെറ അളവ് കുറയ്ക്കാം.2030-നു മുമ്പ് കാർബൺവാതകത്തെ വേർതിരിക്കാവുന്ന സങ്കേതികവിദ്യയോ തിരമാല, കാറ്റ്, ജൈവോർജ്ജം ഇവയിലേതെങ്കിലും ഒന്ന് ലഭ്യമാക്കുക. വ്യവസായ രംഗത്തെ അസംസ്കൃത വസ്തുകളുടെ പുനരുപയോഗം തടയുക.



"നമുക്കുനമ്മുടെ മക്കൾക്കവരുടെ-
മക്കൾക്കിവിടെ കഴിയേണ്ടേ..."

അന്തരിച്ച കവി ശ്രീ പി.എസ് പ്രഭാകരൻനായരുടെ ഈ വരികളും
"ഇനി വരുന്നൊരു തലമുറയ്ക്കിന്നിവിടെ വാസം സാധ്യമോ"
എന്ന ശ്രീ ഇഞ്ചക്കാട് ബാലചന്ദ്രന്റെ ചോദ്യവും ഗ്രേറ്റയുടെ 'ഹൗ ഡെയർയു' എന്ന പ്രസംഗവും നമ്മോടു പറയുന്നതിതുതന്നെയാണ്.

ആത്യന്തികപരിഹാരം ലളിതജീവിതമാണ്. കാർബൺ കുറഞ്ഞ സമ്പദ്-വ്യവസ്ഥയ്ക്കായി ശീലങ്ങൾ മാറ്റുക... വരും തലമുറയ്ക്കായി നാഗരികതയുടെ മോടിപിടിപ്പിക്കലിലും ഭൂമിയുടെ നനുത്ത തനിമ നിലനിർത്താൻ,അതിലുപരി നമുക്കു നിലനിൽക്കാൻ കൈകോർത്തുപിടിച്ച് ശ്രമിക്കാം...

*****

# എന്തേ ഞാനിങ്ങനെ

ഫാദിയ നൗർ
9-I

കൂട്ടത്തിൽ നിന്നൊറ്റപ്പെട്ടവനെന്തേ
മുഖത്തൊരു വാട്ടം
കാറ്റിനാൽ തഴുകും സുന്ദരമീ വെയിലില്
കാറ്റിലാടും കുരുന്നുകൾ
എന്തേ തേങ്ങുന്നു അവൻ
പരിഹാസങ്ങളേറ്റു വാങ്ങുന്നു
മഴത്തുള്ളി കിലുക്കത്താല്
ചിറകുകളെന്തേ കുഴയുന്നു
ഞാൻ സ്വയം ചോദിച്ചു
ഞാൻ എന്തേ ഇങ്ങനെ

പല്ലവ പുടങ്ങളിൽ നിന്ന്
താരാട്ടുകേട്ട് മയങ്ങി ഞാൻ
വണ്ടുകളുടെ മധുരമൊഴികൾ-
കേട്ടു ഞാൻ
അമ്മയെ തോട്ടറിഞ്ഞു ഞാൻ
പൂവാം തൊട്ടിലിൽ കാറ്റിൻെറ
താരാട്ടിൽ മയങ്ങീ ഞാൻ
വേനലിൽ ചുടുകാറ്റു വീശുന്നു
അമ്മയെന്തിനോ തേങ്ങുന്നു
കാലമിതാ അമ്മയെ കൊണ്ടുപോയി
മണ്ണിൻെറ മടിത്തട്ടിൽ
കിടത്തിയുറക്കാൻ
എന്തേ ചിറകുകൾ ശോഷിച്ചു
അമ്മയുടെ അടുത്തായി
മണ്ണിൽ മയങ്ങുവാൻ

ഞാനുമിതാ മെല്ലെ പുറപ്പെടുന്നു...

# New Beginning

Sanjay .N .P
9-G

*When I finally made it to the city of wilming, I had only spoken to two other people. There was border guard, who asked a few questions (very impolitely), and the taxi driver, who I couldn't get to stop talking, even though I couldn't understand a word he said. Was he even speaking English? I tried replying to him making non-committal noises, but ended up desperately staring at my phone, trying to give him a clear hint that I wanted to be alone with my thoughts. I needn't have bothered; he just seemed to like the sound of his own voice, and it didn't seem to matter whether I responded or not.*

*The next person I met was the secretary at the admissions office, who brusquely gave me a huge pile of papers, brochures and forms to fill out and return the next day, 'don't lose them', she admonished, and topped it all with a map with a big read X showing me where my 'digs' were. Before I could ask any questions she was speaking to the next student. I tried to figure out where I was, and realised with a sinking heart why accommodation was miles away. I took a wrong turn several times, avoiding eye contact with anyone I met, and dragging my rather noisy and wobbly suit case behind me, it felt as If one of the wheels was about to come off, may be it was a sign of things to come.*

*********



# പടവുകൾ

ഫാത്തിമ ലുഅ് ലുഅ്
9 F


ഒൻപതാം  പടവ് കയറിയപ്പോഴാണ്
കയറാനുള്ള ദൂരം ഇനിയുമുണ്ടെന്നറിഞ്ഞത്.
കൂട്ടുകാരോടൊപ്പം കയറുന്നത് കൊണ്ടാവാം
കയറ്റത്തിന്റെ പ്രയാസം അറിയാതെ പോയത്.
കലാലയ കാലമാണ് കൗതുകമുള്ളതെന്ന്,
കൂട്ടുകാർ ചൊന്നപ്പോഴും...
പഠനം നന്നായി നടക്കണേയീശ്വരാ ....
എന്ന പ്രത്ഥനയിലായിരുന്നു ഞാൻ..!

# The elephant

Soorya Kiran
9 A

once upon a time, in a village far away, there a six blind men one day the villagers were very excited, and they asked what was happening they told them, “hey, there is an elephant in the village today!”

They had no idea what an elephant was, and so they decided, “even though we will not be able to see it, we can feel it. Let’s go.” so, they all went to where the elephant was, and each of them touched it:



“hey, the elephant is a pillar,” said the first man, touching its leg.

“oh, no! It is like the branch of a tree,” said the third man, touching the tusk of the elephant.

“it is like a big hand fan” said the fourth man, who was touching its ear.

“it is like a huge wall,” said the fifth man,touching the side of the elephant.

“it is like a pipe,”said the sixth man, touching the trunk of the elephant they began to argue about what the elephant was like, and each of them insisted that he was right.

They were getting angry, and fists were about to fly, when a wise man, who had come to see elephant asked what the matter was.

They replied, “we cannot agree what this elephant look like,”and each of them told the wise man what he thought the elephant was like.

The wise man smiled and calmly explained to them, “you are all correct. The reason that each of you experienced it differently is because you touched  a different part of the elephant. Actually the elephant has all these feature: its legs are like pillars, its tail is like a rope, its tusks are like the branches of a tree, its ears are like a fan, and it has a trunk, that is just like a pipe. “oh!” the blind men said, and there was no more fighting. They felt happy that they had all been right.

The moral of this story is that even if you don’t agree with someone , there may be some truth to what they say.

Sometimes we can see that truth and sometimes we can’t, because they have a different perspective to us, but rather that arguing like the blind men, we should realise that they have their own experience that make them think this way. If we can accept this, we are much less likely to get into violent arguments.

*****

# കാവലാർ

അയന ദേവകി

9G

മഴയില്ല, മരമില്ല, കുയിലിന്റെ പാട്ടില്ല
ഒഴുകുന്ന നദിയുടെ ശബ്ദമില്ല.
കാറ്റില്ല, കുളിരില്ല, കൂട്ടിനായാളില്ല
കേൾക്കുവാൻ കിളികൾതൻ പാട്ടുമില്ല.
മുറ്റത്തെ മണ്ണിന്റെ ഗന്ധമില്ല,
കുളിരുള്ള കാറ്റോ തലോടാറില്ല.
മണ്ണിനെ വാരിപ്പുണരുവാനാളില്ല,
കാടിനും കാവലായാരുമില്ല.
ഇന്നു തളിർത്ത പൊൻചെമ്പകമേ
നിന്റെ ആശക്കു കാവലായാരരികെ..?

# കണ്ണുനീർ തുള്ളി

അലീന

8-G

ഒരിടത്ത് കണ്മണി എന്ന കുട്ടിയുണ്ടായിരുന്നു.കുട്ടിയെ കാണാൻ അത്ര ഭംഗിയൊന്നുമില്ലെങ്കിലും കുട്ടിയുടെ പെരുമാറ്റം എല്ലാരോടും നല്ല രീതിയിൽ ആയിരുന്നു. അതുമാത്രമല്ല എവിടെയെങ്കിലും എന്തെങ്കിലും പ്രശ്നം കണ്ടാൽ സ്വയം പരിഹാരം കണ്ടെത്തും.അവളുടെ അച്ഛനും അമ്മയ്ക്കും അവൾ ഒരേ ഒരു മകളായിരുന്നു. അതുകൊണ്ടുതന്നെ കണ്മണിയോട് അവർക്ക് വളരെസ്നേഹമായിരുന്നു. കണ്മണി പഠിക്കാൻ വളരെ അധികം മിടുക്കിയായിരുന്നു പക്ഷേ കണ്മണി രണ്ടാം ക്ലാസിൽ പഠിക്കുമ്പോൾഒരു സംഭവം കണ്ടിട്ടുണ്ടായ ഞെട്ടലിൽ



അവളുടെ ജീവിതം ആകെ മാറി. പിന്നീട്  പഠിക്കാൻ വളരെ മടി കാണിച്ച അവൾ  പലപ്പോഴും മറ്റെന്തോ ആലോചിച്ച് സങ്കടപ്പെട്ടിരിക്കുമായിരുന്നു. അങ്ങനെ എട്ടാം ക്ലാസിലെത്തി. എട്ടാം ക്ലാസിലെത്തിയപ്പോഴേയ്ക്കും അവ പിന്നെയും പഠിക്കാൻ തുടങ്ങി.

അവൾക്ക് അവളുടെ ബന്ധുക്കളുടെ വീട്ടിൽ പോയി താമസിക്കാൻ ഇഷ്ടമായിരുന്നു. കണ്മണിയുടെ അമ്മയുടെ വീട്ടിൽ പോയി വരുമ്പോൾ അവളുടെ മുഖം സന്തോഷത്തിലായിരിക്കും പക്ഷേ അവളുടെ അച്ഛന്റെ വീട്ടിൽ പോയി വരുമ്പോൾ സങ്കടത്തിലായിരിക്കും കാരണം മറ്റൊന്നുമല്ല അവളുടെ കൂടപ്പിറപ്പുകൾ യാതൊരു സ്നേഹവും കണ്മണിയോട് കാണിക്കാറില്ലായിരുന്നു.കാരണം അവൾക്കറിയില്ല. അവൾ എന്തുചെയ്താലും അവർ അവളുടെ പ്രവർത്തിയിൽ കുറ്റം കണ്ടുപിടിച്ച് കണ്മണിയെ ചീത്ത പറയും. പക്ഷേ അവർ തന്റെ കൂടപ്പിറപ്പല്ലേ എന്ന് വിചാരിച്ച് അവൾ ക്ഷമിക്കും. അവൾ ആ വീട്ടിൽ ചെന്നാൽ കരയാത്ത ഒരു ദിവസം പോലുമില്ല.




അങ്ങനെ ഒരു ദിവസം കണ്മണി കസാരയിൽ ഇരിക്കുകയായിരുന്നു അവിടെ നിലത്ത് അവൾ ഒരു പുസ്തകം കണ്ടു അവൾ അത് എടുത്ത് നോക്കി, അത് ഒരു കഥാ പുസ്തകം ആയിരുന്നു. അവൾ ആ പുസ്തകത്തിലെ ഓരോ കഥയും വായിക്കാൻ തുടങ്ങി അപ്പോൾ അതുവഴി വന്ന അനുജത്തി കണ്മണി പുസ്തകം വായിക്കുന്നത് കണ്ടു. അതോടെ അനുജത്തിക്ക് ദേഷ്യം വന്നു അവൾ അത് ചെന്ന് അവളുടെ ചേട്ടനോട്പറഞ്ഞു, അവർ രണ്ടുപേരും കണ്മണിയെ

വഴക്കു പറഞ്ഞു. പാവം കണ്മണി വഴക്കു കേട്ട് കരഞ്ഞു.അത് കണ്ട കുട്ടികൾക്ക് സന്തോഷം വന്നു. അവർ കണ്മണിയെ നോക്കി ഒരു പരിഹാസത്തോടെയുള്ള ചിരിയോടെ അവിടെ നിന്നും പോയി.

അതുപോലെ മറ്റൊരു ദിവസം അനിയത്തിയും ചേട്ടനും ചീട്ട് കളിക്കുകയായിരുന്നു കണ്മണി അതും നോക്കി അവിടെ നിന്നു.പാവം കണ്മണിക്ക് ചീട്ട് എന്താണെന്നു പോലും അറിയില്ല, അതുകൊണ്ട് അവൾക്ക് ചീട്ട് കളിക്കാനുള്ള ആഗ്രഹം കൊണ്ട് അനിയത്തിയോട് എന്നെയും കളിക്കാൻ കൂട്ടുമോ എന്ന് ചോദിച്ചു.പക്ഷേ ആ നന്ദിയില്ലാത്ത അനിയത്തി പറഞ്ഞു "നിങ്ങൾ ഒന്ന് മിണ്ടാതെ ഇരിക്കുന്നുണ്ടോ ഞങ്ങൾ ഒന്ന് കളിക്കട്ടെ" എന്ന്. പക്ഷേ കണ്മണിക്ക് ചീട്ട് കളിക്കാൻ പിന്നെയും ആഗ്രഹമായി,അതുകൊണ്ട് അവൾ അവളുടെ അനിയനോട് ചോദിച്ചു പക്ഷേ അവൻ പറഞ്ഞത് "നിങ്ങൾക്ക് എന്തിന്റെ കേടാണ് ഒന്ന് മിണ്ടാതെ നിൽക്കുന്നുണ്ടോ"എന്നാണ്. അവർ കണ്മണിയെ അവഗണിച്ച് പിന്നെയും കളി തുടർന്നു കണ്മണിക്കുണ്ടായ വിഷമത്തെക്കുറിച്ച് അവർ ചിന്തിച്ചില്ല. വളരെ വിഷമിച്ചു,കഷ്ടപ്പാടുകൾ സഹിച്ച അവൾ ഒന്നും പറയാതെ ആ വീട്ടിൽ നിന്നും ഇറങ്ങി പോയി.

അതുകണ്ട കുട്ടികൾക്ക് അവരുടെ കുറ്റം മനസ്സിലാവുകയും അവർ കണ്മണിയുടെ മുന്നിൽ ചെന്ന് കരഞ്ഞു. അനിയനും അനിയത്തിയും അവരുടെ കുറ്റം മനസ്സിലാക്കിയതറിഞ്ഞ് കണ്മണി വളരെ സന്തോഷിക്കുകയും അവരെ ആശ്വസിപ്പിക്കുകയും തന്റെ കൂടപ്പിറപ്പുകളെ ഒരിക്കലും അവഗണിക്കരുതെന്നും അവരെ ഒരിക്കലും ചീത്ത പറയരുതെന്നും പറഞ്ഞ് വീട്ടിലേക്കു തന്നെ പോയി.

*****



# ആനപ്പാറയുടെ കഥ

ബാസിൽ സമാൻ
9 E

ഞാൻ ഒരിക്കൽ എന്റെ വീട്ടിൽ നിന്ന് ഒരു വിനോദയാത്ര പോയി. അങ്ങനെ ഞങ്ങൾ നീങ്ങിക്കൊണ്ടിരിക്കുമ്പോൾ അവിടെ വലിയ ഒരു മല കണ്ടു. അങ്ങനെ ഞാൻ എന്റെ ഉപ്പയോട് പറഞ്ഞു.നമുക്ക് ആ മലയിൽ പോകാം എന്ന്. അങ്ങെനെ ഉപ്പ പറഞ്ഞു , ശരി നമുക്ക് അവിടം വരെ പോയി വരാം . ഉപ്പ അതിന് സമ്മതം നൽകിയതോടെ എനിക്കും എന്റെ കൂടെയുള്ള കൂട്ടുകാർക്കും വളരെയധികം സന്തോഷമായി. എന്നിട്ട് ഞങ്ങൾ ആ മല കയറി മുകളിലെത്തി. ആസമയത്ത് അവിടെ നല്ല കുളിർ കാറ്റ് ഉണ്ടാകുന്ന സമയമാണ്. പിന്നീട് ഞങ്ങൾ എല്ലാവരും കുറച്ച് സമയം അവിടെ ചിലവഴിച്ച്. കുറച്ച് സമയം കഴിഞ്ഞപ്പോൾ ഞാൻ എന്റെ ചുറ്റു പാടും നോക്കിയപ്പോൾ കണ്ട കാഴ്ച്ചയാണ് ഒരു വലിയ പാറക്കെട്ട്. പെട്ടെന്ന് നോക്കുമ്പോൾ അതൊരു വലിയ കറുത്തുരുണ്ട ആനയെപ്പോലുണ്ടായിരുന്നു. ആ സമയം ഞാൻ ആ പാറയ്ക്ക് നൽകിയ പേരാണ് , ആനപ്പാറ...

# എന്റെ മക്കൾ

സോന . സി

+1 B

മടങ്ങട്ടെ ഞാനേകാകിയായ് വീണ്ടു മാ-
നിശ്ചലതതൻ ഇരുളിലേക്ക്
മക്കളാൽ ശ്വസം നിലക്കുന്നൊരമ്മതൻ
ഹൃത്തിലെരിയുന്ന കനലുമായി
നൽകി ഞാനെന്റെമക്കൾക്കുവേണ്ടി
എന്റെ ജീവിതം അസ്ഥിത്വവും
ഇന്നു മക്കൾ തൻ തെറ്റുകൾക്കെന്നും
ക്ഷമിച്ച അസ്ഥിത്വമില്ലാത്തൊരമ്മയായ് ഞാനും

എന്റെ ഞരമ്പുകൾ അവരൊരു-
പുൽനാമ്പു പോലെ പറിതച്ചെറിഞ്ഞു
എന്റെ ഹൃദയം തരുന്നവന്റെ
രക്തം കവർന്നെടുത്തു
എന്റെ ഉള്ളം തുറന്നവന്റെ
അന്തരാത്മാവിനെയും പുറത്തെടുത്തു
നന്മ ചൊല്ലിക്കൊടുക്കാൻ
നാക്കില്ലാത്തൊരമ്മ തൻ
രോദനമാണെനിക്കും

എന്റെ കണ്ണുനീരാൽ മുങ്ങുന്നു-
എന്റെമക്കൾ തൻ സ്വപ്നങ്ങളും
അരുത് ചൊല്ലുവാൻ ഞാനാരുമല്ല,
എങ്കിലും......... അരുത് മക്കളേ, അരുത്...
ഞാനാൽ നശിക്കരുതെന്റെമക്കൾ...

# കാലാവസ്ഥാ മാറ്റത്തെ അതിജീവിച്ച

# നവകേരള നിർമിതി

സ്നേഹ.എം
+1 B

"ഇനിയും മരിക്കാത്ത ഭൂമി!
നിന്നാസന്ന മൃതിയിൽ
നിനക്കാത്മ ശാന്തി
ഇത് നിന്റെ (എന്റെയും)
ചരമശുശ്രൂഷയ്ക്ക്
ഹൃദയത്തിലിന്നേ കുറിച്ച ഗീതം"



പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം മനസ്സിലാക്കി ഭൂമിക്കായൊരു ചരമ ഗീതം രചിച്ച കവിയുടെ വാക്കുകൾക്ക് ഇന്ന് പ്രസക്തിയേറുന്നു. മനുഷ്യന്റെ ക്രൂരമായ പ്രവർത്തികൾ മൂലം മനം നോവുന്ന പ്രകൃതിയെയാണ് ഇന്ന് നമുക്ക് കാണാൻ കഴിയുക മൂല്യബോധങ്ങളെ കൈവെടിഞ്ഞ് പണത്തിനു മാത്രമായ് ജീവിക്കുന്നവൻ വ്യവസായ വ്യാപാരികളും ക മ്പനികളുമെല്ലാം തന്നെ പ്രകൃതിയിൽ നടത്തുന്ന ക്രൂരവും ചൂഷണപരവുമായ പ്രവൃത്തികളിൽ പുളയുന്ന ഭൂമിയുടെ വേദനകളും സങ്കടങ്ങളുമാണ് ഓരോ പ്രകൃതി ദുരന്തങ്ങളിലൂടെ നമ്മുടെ മുന്നിലെത്തുന്നത്. അതിൽ പ്രധാനമായും കേരളം അഭിമുഖീകരിച്ചത് കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രശ്ന്ങ്ങളായിരുന്നു.

പച്ചയാം വിരിപ്പിട്ട സഹ്യനിൽ തലവെച്ച് പള്ളിക്കൊള്ളുന്ന മാതാവിനെയാണ് നാം വന്ദിച്ചിരുന്നത്.

44 നദികളും അതിലേറെ തോടുകളും നിറഞ്ഞ ഒരു കൊച്ചു നാടാണ്



കേരളം.ജൈവവൈവിധ്യങ്ങളു ടെ നാട്സാക്ഷരതയു ടെയും വികസനങ്ങളുടെയും വികസനാസൂത്രണത്തിന്റെയും കാര്യത്തിൽ എന്നും തലയുയർത്തി നിൽക്കുന്ന കേരളം ഇന്നൊരു പുതുചിന്തയിലൂടെയാണ് സഞ്ചരിക്കുന്നത്. നവ കേരളനിർമിതിയുടെ ചിന്തയിലൂടെ,

കഴിഞ്ഞ മൂന്ന് വർഷങ്ങളായി കേരളം പലതരം പ്രശ്നങ്ങളെയാണ് നേരിട്ടത് അതിൽ പ്രധാനപ്പെട്ടത് കേരളക്കരയെയാകെ മാറ്റിമറിച്ച പ്രളയം തന്നെയായിരുന്നു.



അനേകം നാശനഷ്ടങ്ങളും തീരാദുഖങ്ങളും നൽകിയാണ് ഓരോ പ്രളയവും കടന്നുപോയത്. പ്രളയത്തെ, അതായത് ഒരു പ്രകൃതിദുരന്തത്തെയും നമുക്ക് തടയാനാവില്ല. അതിന്റെ ആഘാതത്തെ കുറക്കാനേ നമുക്ക് സാധിക്കുള്ളൂ. സർക്കാരിന്റെ നയതന്ത്രവും വിവേകപൂർണ്ണവുമായ ഇടപെടലിലൂടെയായിരുന്നു വൻ പ്രളയത്തിന്റെ ആഘാതത്തെ ലഘൂകരിക്കാൻ കഴിഞ്ഞത്. പ്രളയത്തിന്റെ ദുരന്തമുഖങ്ങൾ എല്ലാ

മേഖലകളിലേക്കും വ്യാപിച്ചിരുന്നു. പരിസ്ഥിതിയുമായി  ബന്ധപ്പെട്ട ഷോർട്ട് ഫിലിമുകളുടെ നിർമ്മാണം കലാരംഗത്തിലൂടെയുള്ള പരിസ്ഥിതി സംരക്ഷണത്തിന് വഴിയൊരുക്കും.

പ്രളയ ദുരിതാശ്വാസ പ്രവർത്തനത്തിൽ യുവ തലമുറയുടെ പങ്ക് ലോക ശ്രദ്ധ നേടിയതാണ്. അങ്ങനെ നമ്മുടെ ജീവനും സ്വത്തിനും സംരക്ഷണ കവചം തീർക്കാം. പ്രളയപാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട്  ഒരു നവ കേരളത്തെ നമുക്ക് ഒന്നിച്ച് പടുത്തുയർത്താം.

*****

